**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 90** **23-08-2022 - ൽ മറുപടിയ്ക്ക്**

**കനാൽ റീജനറേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പിന്റെ കീഴിൽ കനാൽ റെജുവനേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കിഫ്ബി സാമ്പത്തിക സഹായത്തോടെ കെ.എം.ആർ.എൽ. നിർവ്വഹണ ഏജൻസിയായി പുനരുജ്ജീവിപ്പിക്കുന്ന കൊച്ചി നഗരസഭാ പരിധിയിലുള്ള കനാലുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ & വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം (IURWTS) പദ്ധതിയുടെ ഭാഗമായി കൊച്ചിയിലെ താഴെപ്പറയുന്ന 6 കനാലുകളാണ് വികസിപ്പിക്കുന്നത് :<br>1. ഇടപ്പള്ളി കനാൽ<br>2. മാർക്കറ്റ് കനാൽ<br>3. തേവര കനാൽ<br>4. തേവര – പേരണ്ടൂർ കനാൽ<br>5. ചിലവന്നൂർ കനാൽ<br>6. കോന്തുരുത്തി കനാൽ |
| (ബി) | പ്രസ്തുത പദ്ധതിക്ക് ഭൂമി ഏറ്റെടുക്കേണ്ട ആവശ്യമുണ്ടോ; എങ്കിൽ ഏതൊക്കെ കനാലുകൾക്കാണ് ഭൂമി ഏറ്റെടുക്കേണ്ടതെന്നും ആയത് ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. ഇടപ്പള്ളി കനാൽ, തേവര കനാൽ, തേവര – പേരണ്ടൂർ കനാൽ, ചിലവന്നൂർ കനാൽ എന്നിവയുടെ വികസനത്തിന് ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്.<br>ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി 4(1), 6(1) നോട്ടിഫിക്കേഷനുകൾ പ്രസിദ്ധീകരി ക്കുകയും, സാമൂഹികാഘാത പഠനം പുരോഗമിച്ചു കൊണ്ടിരിക്കുകയുമാണ്. ഇടപ്പള്ളി കനാലിന്റെ സാമൂഹികാഘാതപഠന റിപ്പോർട്ട് പഠന ഏജൻസി സമർപ്പിച്ചിട്ടുള്ളത് വിദഗ്ദ സമിതി പരിശോധിച്ചുവരുന്നു. |
| (സി) | ഈ പദ്ധതി പ്രകാരം ഓരോ കനാലിന്റെയും വീതിയും ആഴവും എത്രയാണ്; വീതി വർദ്ധിപ്പിക്കുന്നതിലൂടെ എത്ര കുടുംബങ്ങളെ ഇത് ബാധിക്കുമെന്നും അവരെ പുനരധിവസിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇതിനായി ഭൂമി കണ്ടെത്തിയിട്ടുണ്ടോയെന്നും വിശദമാക്കാമോ; | (സി) | ഈ പദ്ധതി പ്രകാരം ഓരോ കനാലിന്റെയും ആഴം 1.50 മീറ്ററും, ഏറ്റവും കുറഞ്ഞ വീതി 16.50 മീറ്ററോ, അല്ലെങ്കിൽ ലിത്തോ മാപ്പ് പ്രകാരമുള്ള പൂർവ്വകാല വീതിയിലോ നിലനിർത്തുന്നതുമാണ്.<br>കനാൽ വികസനത്തിനായി ഭൂമി ഏറ്റെടുക്കൽ ആവശ്യമായി വരുന്നയിടങ്ങളിൽ ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായുള്ള സാമൂഹികാഘാത |

| | | | |
|---|---|---|---|
| | | | പഠനത്തിന്റെ അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമെ പുനരധിവാസ പദ്ധതികൾ ആവശ്യമാണോയെന്ന വിവരം ലഭ്യമാകുകയുള്ളൂ.<br><br>കോന്തുരുത്തി കനാൽ വികസനത്തിന് ഭൂമി ഏറ്റെടുക്കേണ്ടതില്ലെങ്കിലും കനാൽ കയ്യേറ്റങ്ങൾ ഒഴിപ്പിക്കേണ്ടതുണ്ട്. അവിടെ റവന്യൂ കൊച്ചി കോർപ്പറേഷൻ ഉദ്യോഗസ്ഥർ സംയുക്ത സർവ്വെ നടത്തി 132 കയ്യേറ്റങ്ങൾ കണ്ടെത്തിയിരുന്നു. അതിൽ പുനരധിവാസത്തിന് അർഹരായ 122 പേരെ ലൈഫ് മിഷനിൽ ഉൾപ്പെടുത്തി പുനരധിവസിപ്പിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. ഇവരുടെ പുനരധിവാസത്തിനായി കൊച്ചി കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള പള്ളുരുത്തി വില്ലേജിലെ സർവ്വെ 144/1, 144/5, 144/10 എന്നീ സർവ്വെ നമ്പരുകളിലായി 1 ഏക്കർ 38 സെന്റ് 200സ്ക്വയർ ലിങ്ക്സ് സ്ഥലം കണ്ടെത്തിയിട്ടുമുണ്ട് |
| (ഡി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ഓരോ കനാലിന്റെയും നിലവിലെ സ്ഥിതി പ്രത്യേകം വിശദീകരിക്കാമോ? | (ഡി) | ഇടപ്പള്ളി കനാൽ വികസനത്തിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായുള്ള സാമൂഹികാഘാതപഠനം അന്തിമഘട്ടത്തിലാണ്. തേവര കനാൽ, തേവര – പേരണ്ടൂർ കനാൽ, ചിലവന്നൂർ കനാൽ എന്നിവയുടെ സാമൂഹികാഘാത പഠനം പ്രാരംഭ ഘട്ടത്തിലാണ്. മാർക്കറ്റ് കനാൽ വികസനത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കേണ്ടതില്ലെന്നതിനാൽ സർവ്വെ നടപടികളും കനാൽ വൃത്തിയാക്കൽ പ്രവൃത്തികളും പൂർത്തിയാക്കുകയും സിവിൽ പ്രവൃത്തികൾക്കായി ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. കോന്തുരുത്തി കനാൽ വികസനത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടികൾ ആവശ്യമില്ലെങ്കിലും കനാൽ വികസനത്തിന് കയ്യേറ്റങ്ങൾ ഒഴിപ്പിക്കേണ്ടതുള്ളതിനാൽ അർഹരായ 122 പേരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ജില്ലാകളക്ടറുടെ ചുമതലയിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ